**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 688** **26-07-2021 - ൽ മറുപടിയ്ക്ക്**

**വല്ലാർപാടം റിങ്ങ് ബണ്ട് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2017-2018 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്ന വൈപ്പിൻ മണ്ഡലത്തിലെ വല്ലാർപാടം റിങ്ങ് ബണ്ട് റോഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | വല്ലാർപാടം ഔട്ടർ ബണ്ട് നിർമ്മാണത്തിനായി 13/02/2012 തീയതിയിലെ G.O(Rt)No.443/2012/LSGD നമ്പർ ഉത്തരവുപ്രകാരം 17.14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽനിന്നും 5.04 കോടി രൂപയുടെ പ്രവൃത്തികൾ മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ കീഴിൽ വരുന്നവയാണ്. ഇവ പൂർത്തീകരിച്ചിട്ടുള്ളതാണ്. ബണ്ട് റോഡ് നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മണ്ണ് പര്യവേക്ഷണം നടത്തി ഫൗണ്ടേഷൻ രൂപകൽപന ചെയ്ത ശേഷം മാത്രമേ തയ്യാറാക്കി അനുമതിയ്ക്കായി സമർപ്പിക്കാവൂ എന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് GIDA യുടെ ഫണ്ട് ലഭിക്കുവാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ 24.20 ലക്ഷം രൂപ എറണാകുളം മേജർ ഇറിഗേഷന്റെ മേൽനോട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതി 10/02/2021-ൽ നൽകുകയുണ്ടായി. ടി പ്രവൃത്തി നിലവിൽ പുരോഗമിക്കുന്നു. |
| (ബി) | സമുദ്ര നിരപ്പ് ഉയരുന്നതിനാലും വേലിയേറ്റത്താലും ബുദ്ധിമുട്ടുന്ന പ്രദേശവാസികളുടെ യാത്രാക്ലേശം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി പോർട്ട് ട്രസ്റ്റ്, ഇറിഗേഷൻ, മുളവുകാട് പഞ്ചായത്ത് ഉൾപ്പെടെയുള്ള വകുപ്പുകളുടെ കൈവശമുള്ള സ്ഥലം വിട്ടുകിട്ടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | വല്ലാർപാടം ദ്വീപിൽ കായലിനോട് ചേർന്ന ഭാഗം പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും കായലിൽ നിന്നും നീക്കം ചെയ്യുന്ന ചെളി/എക്കൽ എന്നിവ നിക്ഷേപിക്കുന്നതിലൂടെ ലഭിക്കുന്ന സ്ഥലത്ത് ബണ്ട് റോഡ് നിർമ്മിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | സ്ഥലം വിട്ടുകിട്ടുന്നതിനായി നൽകിയിട്ടുള്ള കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ? | (സി) | വല്ലാർപാടം ദ്വീപിൽ കായലിനോട് ചേർന്ന ഭാഗം പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും കായലിൽ നിന്നും നീക്കം ചെയ്യുന്ന ചെളി/എക്കൽ എന്നിവ നിക്ഷേപിക്കുന്നതിലൂടെ ലഭിക്കുന്ന സ്ഥലത്ത് ബണ്ട് |

| | | | |
|---|---|---|---|
| | | | റോഡ് നിർമ്മിക്കുന്നതിനുമാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ